## കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാല

നടപടി ക്രമം

കെ.വി.എ.എസ്.യു - ഡിഎആർ - കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലെ കോളേജുകളിലെ വി.സി.ഐ, ഐ.സി.എ.ആർ നിയന്ത്രണത്തിലല്ലാത്ത പ്രോഗ്രാമുകളിലെ വിദ്യാർഥിനികൾക്ക് ആർത്തവാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ഡയറക്ടറേറ്റ് ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച്

**കെ.വി.എ.എസ്.യു /ഡി.എ.ആർ /അക്കാദ് /ബി 2/30350/2023** **തീയതി : 03/06/2023**

---

**ഉത്തരവ്**

സൂചന : 1. 19-01-2023 തിയ്യതിയിലെ സ.ഉ (കൈ)നം .33/2023 /HEDN നമ്പർ ഉത്തരവ്

2. 17-01-2023 തിയ്യതിയിലെ ഷാഹിന എസ് ജോയിന്റ് സെക്രട്ടറി എസ് എഫ് ഐ യൂണിറ്റ് പൂക്കോട് ഡീനിന് സർപ്പിച്ച അപേക്ഷ
3. അഞ്ജന സുരേഷ് എസ് എഫ് ഐ സബ് കമ്മിറ്റി കൺവീനർ ബഹു വൈസ് ചാൻസലർക്ക് നൽകിയ അപേക്ഷ
4. 28.01.2023 തിയ്യതിയിൽ നടന്ന 81 മത് ഭരണ സമിതി യോഗത്തിന്റെ മിനുട്സ്
5. 19.04.2023 തിയ്യതിയിൽ നടന്ന 35 മത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനുട്സ് (item no 35. 0A.01)

സൂചന (1)പ്രകാരം, ഉന്നത വിദ്യാഭ്യാസ (ഇ) വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വകലാശാലകളിലെയും വിദ്യാർഥിനികൾക്ക് ആർത്തവാവധി അനുവദിച്ചു കൊണ്ടും അറ്റന്റൻസിനുള്ള പരിധി വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ 73 ശതമാനമായി നിശ്ചയിച്ച് കൊണ്ടും 18 വയസ്സ് കഴിഞ്ഞ വിദ്യാർത്ഥിനികൾക്ക് പരമാവധി 60 ദിവസം വരെ പ്രസവാവധി അനുവദിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാല നിയമങ്ങളിൽ ഇതിനാവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്. 81 മത് ഭരണ സമിതി ഈ വിഷയവുമായി ബന്ധപ്പെട്ട് അക്കാദമിക് ചട്ടങ്ങളിൽ ഭേദഗതി വരുത്തി ആർത്തവാവധി അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് 19.04.2023 ന് ചേർന്ന 35 മത് അക്കാദമിക് കൗൺസിൽ യോഗം VCI/ICAR നിയന്ത്രിത പ്രോഗ്രാമുകളിലെ ഹാജർ നിലയുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് അതത് സമിതികളുടെ അനുമതി ആവശ്യപെടുന്നതിനും മറ്റു പ്രോഗ്രാമുകളിലെ വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി അനുവദിക്കുന്നതിനും അംഗീകാരം നൽകിയിട്ടുണ്ട്

ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു

1. സർവ്വകശാലയുടെ കീഴിലുള്ള എം.എസ്/ എം.എസ്.സി, ബി.എസ്.സി (പി.പി.ബി.എം), പി.എച്.ഡി (വി.സി.ഐ, ഐ.സി.എ.ആർ നിയന്ത്രണത്തിലല്ലാത്തവ) ഡിപ്ലോമ, പി. ജി ഡിപ്ലോമ & സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളിലെ വിദ്യാർത്ഥിനികൾക്ക് ഹാജർ നിലയിൽ 2% ഇളവ് അനുവദിച്ചു കൊണ്ട് ആർത്തവാവധി അനുവദിച്ച ഉത്തരവാകുന്നു

2. മേൽ പ്രോഗ്രാമുകളിലെ വിദ്യാർത്ഥികളുടെ ഏറ്റവും കുറഞ്ഞ ഹാജർ നില 2% ആർത്തവാവധി ഉൾപ്പെടെ 78 % ആയി നിജപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു

2. വി.സി.ഐ, ഐ.സി.എ.ആർ നിയന്ത്രിത കോഴ്സുകളിൽ ആർത്തവാവധി അനുവദിക്കുന്നതിനും ഹാജർ നിലയുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും അതാത് സമിതികളുടെ അനുമതി ലഭിക്കുന്ന മുറക്ക് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ് .

ഒപ്പ് /-

**ഡയറക്ടർ ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച്**

പകർപ്പ് : പി എസ്. ടു വിസി / പി എ ടു രജിസ്ട്രാർ/ സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജ് ഡീൻമാർക്കും ,സ്പെഷ്യൽ ഓഫിസർമാർക്കും ,വിദ്യാർത്ഥി യൂണിയൻ പ്രതിനിധി.

**//ഉത്തരവിൻ പ്രകാരം //**

**ഡെപ്യൂട്ടി രജിസ്ട്രാർ**